"ഭരണഭാഷ- മാതൃഭാഷ"

കേരളം സർക്കാർ

വിവര-പൊതുജനസമ്പർക്ക (ഇ) വകുപ്പ്

നമ്പർ.ഇ1/105/2026/ഐ&പിആർഡി 24-10-2026,തിരുവനന്തപുരം

## വിജ്ഞാപനം

### ഡോക്യുമെന്ററി സംവിധായകരുടെ പാനൽ: അപേക്ഷ ക്ഷണിച്ചു

ഇൻഫർമേഷൻ പബ്ളിക് റിലേഷൻസ് വകുപ്പിന്റെ ഡോക്യുമെൻററി/ഹ്രസ്വചിത്ര സംവിധായകരുടെ പാനലിലേക്ക് അപേക്ഷ ക്ഷണിച്ചു. എ, ബി, സി വിഭാഗങ്ങളായാണ് പാനൽ തയ്യാറാക്കുന്നത്. നിലവിലെ പാനലിൽ ഉൾപ്പെട്ടവരും, മുമ്പ് അപേക്ഷ സമർപ്പിച്ചവരും പുതിയ പാനലിൽ ഉൾപ്പെടാൻ അപേക്ഷ സമർപ്പിക്കണം.

### അപേക്ഷ സമർപ്പിക്കാനുള്ള യോഗ്യത

### ഡോക്യുമെൻററി നിർമ്മിക്കുന്നതിനുള്ള യോഗ്യത

**1. എ കാറ്റഗറി:**

എ കാറ്റഗറിയിൽ അപേക്ഷിക്കുന്നവർ ഡോക്യുമെന്ററി സംവിധാന രംഗത്ത് ദേശീയ പുരസ്കാരമോ, ഇന്ത്യൻ പനോരമയിൽ പ്രവേശനമോ, അന്താരാഷ്ട്ര മേളകളിലെ ഡോക്യുമെന്ററി വിഭാഗത്തിൽ പ്രവേശനമോ ലഭിച്ച സൃഷ്ടിയുടെ സംവിധായകൻ ആയിരിക്കണം.

**2. ബി കാറ്റഗറി:**

ബി കാറ്റഗറിയിൽ അപേക്ഷിക്കുന്നവർ ഡോക്യുമെന്ററിക്കോ, ഡോക്യുമെന്ററി സംവിധാനത്തിനോ സംസ്ഥാന ടെലിവിഷൻ അവാർഡ്, ഡോക്യുമെന്ററിക്കുള്ള ഇതര സംസ്ഥാന അവാർഡ്, ഐ&പി.ആർ.ഡിയോ, കേന്ദ്ര ഇൻഫർമേഷൻ & ബ്രോഡ്കാസ്റ്റിംഗ് മന്ത്രാലയമോ നോട്ടിഫൈ ചെയ്ത മറ്റേതെങ്കിലും അവാർഡ് നേടിയവർ, പൂനെ ഫിലിം ആൻഡ് ടെലിവിഷൻ ഇൻസ്റ്റിറ്റ്യൂട്ട്, കൊൽക്കത്തയിലെ സത്യജിത് റായ് ഇൻസ്റ്റിറ്റ്യൂട്ട്, അഡയാർ ഫിലിം ഇൻസ്റ്റിറ്റ്യൂട്ട്, കെ.ആർ. നാരായണൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വിഷ്വൽ സയൻസ് & ആർട്സ് എന്നിവിടങ്ങളിൽനിന്ന് ചലച്ചിത്ര സംവിധാനത്തിൽ നേടിയിട്ടുള്ള ഡിഗ്രിയോ, ഡിപ്ലോമയോ, അല്ലെങ്കിൽ അംഗീകൃത സർവകലാശാല അംഗീകരിച്ചതോ അവയുമായി അഫിലിയേറ്റ് ചെയ്തതോ ആയ സ്ഥാപനത്തിൽനിന്ന്

സംവിധാനകലയിൽ ഡിഗ്രിയോ ഡിപ്ലോമയോ നേടിയവർ.

**3. സി കാറ്റഗറി:**

സി കാറ്റഗറിയിൽ അപേക്ഷിക്കുന്നവർ കുറഞ്ഞത് അഞ്ച് ഡോക്യുമെന്ററികളെങ്കിലും സംവിധാനം ചെയ്തിട്ടുള്ളവർ അല്ലെങ്കിൽ മാസ് കമ്മ്യൂണിക്കേഷനിൽ ബിരുദമോ ഡിപ്ലോമയോ നേടിയവർ.

**ഹ്രസ്വചിത്രം നിർമ്മിക്കുന്നതിനുള്ള യോഗ്യത**

സംവിധായകനുള്ള ദേശീയ, അന്തർദേശീയ, സംസ്ഥാന ചലച്ചിത്ര പുരസ്കാരം നേടിയവർ, ഇന്ത്യൻ പനോരമ, കാൻ, ഓസ്കാർ എന്നിവിടങ്ങളിലേക്ക് തിരഞ്ഞെടുക്കപ്പെട്ട സിനിമകളുടെ സംവിധായകർ, ഐ&പി.ആർ.ഡിയോ കേന്ദ്ര ഇൻഫർമേഷൻ & ബ്രോഡ്കാസ്റ്റിംഗ് മന്ത്രാലയമോ നോട്ടിഫൈ ചെയ്ത മറ്റേതെങ്കിലും സംവിധാന പുരസ്കാരം നേടിയവർ, പൂനെ ഫിലിം ഇൻസ്റ്റിറ്റ്യൂട്ട്, കൊൽക്കത്തെയിലെ സത്യജിത് റായ് ഇൻസ്റ്റിറ്റ്യൂട്ട്, അഡയാർ ഫിലിം ഇൻസ്റ്റിറ്റ്യൂട്ട്, കെ.ആർ. നാരായണൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വിഷ്വൽ സയൻസ് & ആർട്സ് എന്നിവിടങ്ങളിൽനിന്ന് ചലച്ചിത്ര സംവിധാനത്തിൽ ഡിഗ്രി അല്ലെങ്കിൽ ഡിപ്ലോമ നേടിയവർ.

നിശ്ചിത മാതൃകയിലുള്ള അപേക്ഷ, യോഗ്യത തെളിയിക്കുന്ന രേഖകളുടെ പകർപ്പ് സഹിതം സമർപ്പിക്കണം. മുമ്പ് ചെയ്ത സൃഷ്ടികളുടെ സോഷ്യൽ മീഡിയ ലിങ്ക് അപേക്ഷയോടൊപ്പം സമർപ്പിക്കുന്നത് അഭികാമ്യം.

അപേക്ഷിക്കേണ്ട വിലാസം: ഡയറക്ടർ, ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്, സൗത്ത് ബ്ളോക്ക്, ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം, പിൻ- 695 001

അവസാന തീയതി: **2026 നവംബർ 13.** അപേക്ഷയുടെ കവറിന് പുറത്ത് 'ഡോക്യുമെൻററി/ഹ്രസ്വചിത്ര സംവിധായകരുടെ പാനലിലേക്കുള്ള അപേക്ഷ' എന്ന് രേഖപ്പെടുത്തിയിരിക്കണം.

വിശദാംശങ്ങളും അപേക്ഷയുടെ മാതൃകയും **kerala.gov.in** വെബ്സൈറ്റിന്റെ 'പുതിയ വാർത്തകൾ' (whats new) എന്ന സെക്ഷനിലും **prd.kerala.gov.in** വെബ്സൈറ്റിന്റെ അനൗൺസ്മെൻറ് സെക്ഷനിലും ലഭിക്കും.

സബിൻ സമീദ് ഐ എ എസ്
ഡയറക്ടർ

# ഡോക്യുമെന്ററി പാനൽ പ്രൊഫോർമ

1. പേര്:
2. വിലാസം:
3. മൊബൈൽ നമ്പർ:
4. ഇ-മെയിൽ:
5. ജനനത്തീയതി:
6. ആധാർ നമ്പർ:
7. അപേക്ഷിക്കുന്ന വിഭാഗം: **എ / ബി / സി**
8. വിദ്യാഭ്യാസ യോഗ്യത:
9. പാനലിൽ അംഗമാകുന്നതിനുള്ള യോഗ്യത:
10. പി.ആർ.ഡി.യുടെ പാനലിൽ നേരത്തേ ഉൾപ്പെട്ടിട്ടുണ്ടോ?:
11. ഉണ്ടെങ്കിൽ അതുസംബന്ധിച്ച വിവരം:
12. നേരത്തേ ചെയ്തിട്ടുള്ള ഡോക്യുമെന്ററികളുടെ ലിസ്റ്റ്:
13. മറ്റ് വിവരങ്ങൾ:

തീയതി:

സ്ഥലം:

ഒപ്പ്:

(ഉള്ളടക്കം: യോഗ്യതാ സർട്ടിഫിക്കറ്റുകൾ, ആധാർ കാർഡ് എന്നിവയുടെ പകർപ്പ്, അപേക്ഷ, പാസ്പോർട്ട് സൈസ് ഫോട്ടോ, മറ്റ് വിശദാംശങ്ങൾ ചേർക്കാനുണ്ടെങ്കിൽ അവ)